





പ്ലാച്ചിമട, കോള, ജലം–ഫോട്ടോ പ്രദർശനം :
ബന്ധങ്ങൾക്ക് മധുരാജ് 'മാതൃഭൂമി', ഫോൺ : 98471 41095

# സമരം ലോകത്തിലെ എല്ലാ ജനങ്ങളുടെയും ജീവജലം സംരക്ഷിക്കുന്നതിനുവേണ്ടി: ഷാജി ചേലക്കോട്ടിൽ



പി.യു.സി.എൽ. ജില്ലാ സെക്രട്ടറിയും സമരസമിതി സജീവ പ്രവർത്തകനുമായ **ഷാജി ചേലക്കാട്ടിൽ**

**പ്ലാച്ചിമടയിലെ** പ്രദേശവാസികൾ നടത്തുന്ന സമരം ഒരിറ്റ് വെള്ളം കുടിക്കുന്ന ലോകത്തിലെ സകല ജനങ്ങൾക്കും കൂടിയുള്ളതാണെന്ന തിരിച്ചറിവിലേക്ക് നാം എത്തേണ്ടതുണ്ടെന്നും, ഇത് പ്ലാച്ചിമടയിലെ ജനങ്ങൾ മാത്രമല്ലെന്നും പി.യു.സി. എൽ. ജില്ലാ സെക്രട്ടറിയും, കോള വിരുദ്ധ സമരത്തിന്റെ സജീവ പ്രവർത്തകരിലൊരാളുമായ ഷാജി ചേലക്കോട്ടിൽ പറഞ്ഞു.

ഇന്ന് പ്ലാച്ചിമട നിവാസികളുടെ കുടിവെള്ളം നശിപ്പിച്ചവർ നാളെ കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങളുടെ വെള്ളം മുഴുവൻ കവർന്നെടുക്കും. പ്ലാച്ചിമട സമരം പരാജയപ്പെട്ടാൽ സംഭവിക്കുന്നത് അതായിരിക്കും. ഈ പ്രശ്നത്തിൽ ഇടപെടാതിരിക്കുന്ന ഭരണകൂടത്തിന്റെയും ഉദ്യോഗസ്ഥരുടെയും ജീവജലം കോളയെപോലുള്ള ബഹുരാഷ്ട്ര ഭീമന്മാർ തട്ടിയെടുക്കും. ഈ തിരിച്ചറിവ് ഭരണത്തിന്റെ ആസനത്തിലിരിക്കുന്നവർക്കുണ്ടാവണം.

നാം തിരിച്ചറിയണം. പ്ലാച്ചിമടയിലെ പ്രശ്നം മാത്രമായി ചുരുക്കി കാണരുത്. ലോകത്തൊരിടത്തും ആദിവാസി സമൂഹം ബഹുരാഷ്ട്ര ഭീമനെതിരെ ഇത്രയും കാലം നീളുന്ന സമരം നടത്തിയില്ല. 1000 ദിവസം കഴിഞ്ഞപ്പോൾ പ്ലാച്ചിമടയിലെ സമരത്തെക്കുറിച്ച് പഠിക്കുവാൻ അമേരിക്കയിൽനിന്നുള്ള ആക്ടിവിസ്റ്റ് ഗ്രൂപ്പുകൾ ഇവിടെയെത്തി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ആക്ടിവിസ്റ്റുകൾ പ്ലാച്ചിമടയിൽ പഠനത്തിനെത്തിക്കൊണ്ടിരിക്കുന്നു.

*പ്ലാച്ചിമട സമരത്തിന്റെ ഭാവിയെന്താകും?*

ആയിരം ദിവസത്തിലേക്ക് എത്തിയ സമരത്തിന്റെ ശക്തി ഇവിടത്തെ ആദിവാസികളുൾക്കൊള്ളുന്ന പ്രദേശവാസികളാണ്. അവരുടെ ഉറച്ച നിലപാടും ഇച്ഛാശക്തിയും സമരത്തെ ലോകശ്രദ്ധയിലെത്തിച്ചു. കോള കമ്പനി പൂർണമായും അടച്ചുപൂട്ടി പോവുന്നതുവരെ സമരം തുടരാനാണ് കോളവിരുദ്ധ സമരസമിതിയുടെ തീരുമാനം.

*സമരത്തോട് രാഷ്ട്രീയക്കാർ പുലർത്തുന്ന നിലപാടിനെ കുറിച്ചെന്ത് പറയുന്നു ?*

സമരം ആരംഭിച്ച് ഒരു വർഷം വരെ ഇവിടത്തെ സി.പി.ഐ. ഒഴിച്ചുള്ള രാഷ്ട്രീയക്കാർ സമരക്കാരെ കൊല്ലുമെന്ന് ഭീഷണി മുഴക്കി. കോള കമ്പനിയിൽ താൽക്കാലിക ജോലി ചെയ്യുന്ന തൊഴിലാളി സഹോദരങ്ങളെ വരെ രാഷ്ട്രീയക്കാർ സമരരംഗത്തിറക്കിവിട്ടു. കമ്പനി കോടതി നിർദ്ദേശപ്രകാരം പൂട്ടിയതോടെ അവരെ പുറത്താക്കി. ഇതിന് പിന്നിൽ കളിച്ചതും ചില രാഷ്ട്രീയക്കാർതന്നെ. ചിലർ വോട്ടിന് ഉന്നം വച്ച് സമരക്കാരുടെ സഹായികളായി രംഗത്തുവന്നു. സമൂഹത്തിനിടയിൽ പ്രശ്നങ്ങൾ ഉയർന്നപ്പോൾ ചില രാഷ്ട്രീയക്കാർ കോള വിരുദ്ധ സമരത്തെ സ്വന്തം തൊഴുത്തിൽ കെട്ടാൻ ശ്രമിച്ചു. ഗാന്ധിയൻ രീതിയിലെ, പ്ലാച്ചിമട നിവാസികളുടെ നിസ്വാർത്ഥ സമരത്തിന് മുന്നിൽ ഇവരുടെ നീക്കങ്ങൾ പാളിപ്പോവുകയാണുണ്ടായത്.

സമരത്തെ ആദ്യം മുതൽ പിന്തുണ നൽകി സഹായിച്ചവർ ആരൊക്കെയാണെന്ന് കോളവിരുദ്ധ സമരസമിതി പ്രവർത്തകർക്കെല്ലാം അറിയാം. കുത്തകയെ തുരത്താൻ യോജിക്കാവുന്ന എല്ലാവരുമായും ചേർന്ന് പ്രവർത്തിക്കുകയെന്നതായിരുന്നു ലക്ഷ്യം. ചിലരൊക്കെ മുതലെടുത്തു. സമരം ചെയ്യുന്നവർ കൂടുതൽ പട്ടിണിക്കാരായി മാറിക്കൊണ്ടിരിക്കുന്നു. ഈ പ്രശ്നം കാണാൻ സഹായികളായെത്തുന്ന പലർക്കും കഴിയുന്നുമില്ല.

*ഭാവി പരിപാടികൾ?*

പ്രാദേശിക വിഭവങ്ങളുടെ മേൽ അധികാരം സ്ഥാപിച്ച് വെള്ളമൂറ്റി പ്ലാച്ചിമടക്കാരുടെ കുടിവെള്ളവും മണ്ണും മലിനമാക്കിയ കോള കമ്പനി നഷ്ടപരിഹാരം നൽകണം.

പ്ലാച്ചിമടയിലെ ഭാവിതലമുറയുടെ ആരോഗ്യത്തെക്കുറിച്ച് പഠനം നടത്തണം, പാരിസ്ഥിതികാഘാത പഠനം നടത്തണം. സത്യസന്ധമായ ഒരു ഏജൻസിയെ കൊണ്ടായിരിക്കണം പഠനം നടത്തേണ്ടത്.

**കേരളീയം അറിയിപ്പ്**

**വരിസംഖ്യ 180 രൂപ എം.ഒ./ഡി.ഡി./പി.ഒ. അയച്ച് മാസിക മുടങ്ങാതെ ഉറപ്പുവരുത്തണം.**

**കേരളീയം, തൃശൂർ-21. ഫോൺ : 0487-2421385/9447674375**